# കൊല്ലം ജില്ലാ പോലീസ് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സഹകരണസംഘം ക്ലിപ്തം നമ്പർ ക്യു. 1179

കൊല്ലം – 1. ഫോൺ : 0474 – 2740833. ബ്രാഞ്ച് : കൊട്ടാരക്കര, ഫോൺ : 0474 – 2453950

## ഗ്രൂപ്പ് ഡെപ്പോസിറ്റ് & ക്രെഡിറ്റ് സ്കീം
## പ്രതിമാസ നിക്ഷേപ പദ്ധതി

### നിബന്ധനകൾ

1. ഈ സ്കീമിന്റെ കാലാവധി ......................................... മാസമായിരിക്കും. ഈ സ്കീം തുടർച്ചയായി ......................................... രൂപ വീതം മാസംതോറും നിക്ഷേപിക്കാവുന്ന ......................................... നമ്പരിന്റേത് മാത്രമായിരിക്കും.
2. പദ്ധതിയിൽ അംഗമാകുന്ന നിക്ഷേപകൻ, നിക്ഷേപസംഖ്യ മുടക്കു കൂടാതെ മാസംതോറും അടച്ച് ഈ സ്കീം വട്ടമെത്തിക്കേണ്ടതാണ്. മുടക്കമില്ലാതെ സ്കീം വട്ടമെത്തി 30 ദിവസത്തിവും സംഘം കമ്മീഷൻ 5% രൂപ കഴിച്ച് ബാക്കി രൂപ ഓരോ നിക്ഷേപകനും നൽകുന്നതായിരിക്കും.
3. ഈ സ്കീമിലെ നിക്ഷേപകർക്ക് മാസത്തിൽ ഒരു നിക്ഷേപകൻ എന്ന തോതിൽ നിക്ഷേപ വായ്പ അനുവദിക്കുന്നതായിരിക്കും. ഓരോ തവണയും സംഘം കമ്മീഷൻ 5% തുക കഴിച്ചുവരുന്ന സംഖ്യയിൽനിന്നും ഏറ്റവും കൂടുതൽ സംഖ്യ ബോണസ് കമ്മീഷന്നിൽ നൽകുന്ന നിക്ഷേപകനോ സംഘം നിശ്ചയിക്കുന്ന നിക്ഷേപകനോ വായ്പ സംഖ്യ അനുവദിക്കുന്നതായിരിക്കും. ഈ സംഖ്യ കമ്മീഷൻ ഉൾപ്പെടെ 30% കവിയുന്നതല്ല. ഈ തുകയ്ക്ക് ഒന്നിലധികം ആവശ്യക്കാരുള്ള പക്ഷം നറുക്കെടുത്ത് ആളെ നിശ്ചയിക്കുന്നതായിരിക്കും.
4. അംഗങ്ങൾക്കും നോമിനൽ അംഗങ്ങൾക്കും ഈ പദ്ധതിയിൽ ചേരുന്നതിന് അർഹതയുണ്ടായിരിക്കും.
5. മേൽപറഞ്ഞപ്രകാരം വായ്പ നൽകുമ്പോൾ ഓരോ നിക്ഷേപകനും ബോണസ് കമ്മീഷനായി നിക്ഷേപിക്കുന്ന സംഖ്യ വായ്പ എടുത്തവർക്കും എടുക്കാത്തവർക്കും തുല്യമായി ബോണസ് നൽകുന്നതായിരിക്കും. ബോണസ് വിഹിതമുണ്ടെങ്കിൽ അത് കഴിച്ച് ബാക്കി സംഖ്യ മാത്രം നിക്ഷേപസംഖ്യയായി അടുത്ത തവണ അടച്ചാൽ മതിയാകും.
6. മാസംതോറും നിശ്ചിതതീയതിയിൽ നിക്ഷേപസംഖ്യ അടയ്ക്കാതിരുന്നാൽ നിക്ഷേപകനിൽ നിന്നും മുടക്ക് തുകയ്ക്ക് 12% വീതമുള്ള പലിശ ഈടാക്കുന്നതാണ്. അവധി തെറ്റിയ തവണയ്ക്ക് ദിവസം കണക്കാക്കാതെ മുഴുവൻ മാസത്തെ പലിശ നൽകേണ്ടതാണ്.
7. ഈ സ്കീമിന്റെ നിശ്ചിത ദിവസം അതാത് മാസം ......................... തീയതിയോ, ആ ദിവസം സംഘത്തിന്റെ അവധി ദിവസമാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസമോ ആയിരിക്കുന്നതാണ്.
8. നിക്ഷേപവായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന്റെ നിക്ഷേപ അക്കൗണ്ടിൽ ക്രമാനുസൃതം മുടക്കം 10 കൂടാതെ തവണ സംഖ്യ നിക്ഷേപിക്കേണ്ടതും അപ്രകാരം തവണ പൂർത്തീകരിക്കണം.
9. ഈ സ്കീം ഉപനിബന്ധനകൾ അംഗീകരിച്ച തീയതി മുതൽ 2 മാസത്തിനകം ആരംഭിക്കേണ്ടതാണ്. സ്കീം വട്ടമെത്തിയാൽ അതുപ്രകാരമുള്ള നിക്ഷേപതുക, ടിയാന്റെ വായ്പാഇടപാടിലേക്ക് അഡ്ജസ്റ്റ് ചെയ്ത് വായ്പാഇടപാട് അവസാനിപ്പിക്കുന്നതാകുന്നു. എന്നാൽ നിക്ഷേപകൻ സ്കീം തവണകൾ മുടക്ക് വരുത്തുകയും ടിയാനിൽ നിന്നും വായ്പാഇടപാട് അവസാനിപ്പിക്കുന്നതിന് സംഖ്യ തികയാതെ വരികയും ചെയ്യുന്നപക്ഷം അതുപ്രകാരമുള്ള സംഖ്യ, പലിശ, മറ്റു ചെലവുകൾ ഇവ വായ്പക്കാരിൽ നിന്നും ഈടാക്കുവാൻ സംഘം അധികാരം ഉണ്ടായിരിക്കുന്നതാണ്
10. സ്കീം വായ്പ വാങ്ങി നിക്ഷേപസ്കീം മുടക്കം വരുത്തുന്ന നിക്ഷേപകരിൽ നിന്നോ ടിയാന്റെ ജാമ്യക്കാരിൽ നിന്നോ അവരുടെ സ്ഥാവര ജംഗമ തർക്കങ്ങളിലും ബാങ്കിന്റെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) തീരുമാനം അന്തിമവും എല്ലാവർക്കും ബാധകമായിരിക്കുന്നതുമാണ്. വസ്തുക്കളിൽ നിന്നോ ഈ സ്കീം അവസാനിപ്പിക്കുന്നതിന് മുമ്പോ അതിന് ശേഷമോ എപ്പോൾ വേണമെങ്കിലും മുഴുവൻ വായ്പാ തുകയും പലിശ, മറ്റുചെലവുകൾ എന്നിവയും ഈടാക്കുവാൻ സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.
11. സ്കീമിന്റെ. നിശ്ചിതതീയതിയ്ക്ക് മുമ്പുള്ള പ്രവർത്തിദിവസം തവണതുക അംഗങ്ങൾ അടച്ചിരിക്കേണ്ടതാണ്.
12. സ്കീം വായ്പ ലഭിക്കുന്നതിന് സംഘത്തിന്റെ നിശ്ചിതഫാറത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷ സംഘത്തിന് സ്വീകാര്യമെങ്കിൽ നിശ്ചിത തീയതിയ്ക്ക് ശേഷമുള്ള ഏത് ദിവസവും വായ്പ വാങ്ങാവുന്നതുമാണ്.
13. സ്കീം വായ്പ മതിയായ ജാമ്യത്തിലോ സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിലോ നൽകാവുന്നതാണ്. സ്വർണ്ണാഭരണമോ സ്ഥിരനിക്ഷേപമോ ജാമ്യമായി നൽകുന്നവർക്ക് ഇത് ബാധകമല്ല.
14. സംഘത്തിന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി ഒരു നിക്ഷേപകന് ടിയാന്റെ സ്കീമിലുള്ള അവകാശം മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. എന്നാൽ സ്കീംവായ്പ വാങ്ങിയിട്ടുള്ള നിക്ഷേപകന് സ്കീമിലെ അവകാശം സംഘം അനുവദനീയമല്ല.
15. സ്കീം നിക്ഷേപകൻ സംഘത്തിൽ സ്വന്തം നിലയിലോ ജാമ്യവ്യവസ്ഥയിലോ ബാധ്യതപ്പെട്ടിട്ടുണ്ടെങ്കിൽ സ്കീം നിക്ഷേപസംഖ്യ ബാദ്ധ്യതയിലേക്ക് തട്ടിക്കഴിക്കുവാൻ അധികാരാവകാശം ഉണ്ടായിരിക്കും.

16. നിക്ഷേപകൻ അടയ്ക്കുന്ന സംഖ്യയ്ക്ക് ബാങ്ക് രസീത് നൽകുന്നതാണ്. സ്കീം വായ്പക്കാരനും, ജാമ്യക്കാരും നിന്നും വാങ്ങുന്ന സംഖ്യകൾക്ക് ആവശ്യമായ വൗച്ചറും, ജാമ്യച്ചീട്ട്/പണയാധാരം ഇവ ഒപ്പിട്ടുനൽകേണ്ടതാണ്.

17. ഈടായി തരുന്ന മുതലാവയെ നോക്കികണ്ട് തീർച്ചയാക്കുന്നതിനും ബാധ്യതതകളെപ്പറ്റി അന്വേഷിക്കുന്നതിനും വേണ്ടിവരുന്ന ചെലവുകളും, മുദ്രവില, രജിസ്ട്രേഷൻ ഫീസ്, എഴുത്തി ഫീസ് മുതലായവയും അതാത് സ്കീം വായ്പക്കാരൻതന്നെ വഹിക്കേണ്ടതാണ്.

18. മൂന്നോ അതിൽ കൂടുതലോ ഗഡുക്കൾ തുടർച്ചയായി മുടക്കു വരുത്തുന്ന സ്കീം നിക്ഷേപകന് സ്കീം തുടരുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല. ടിയാനെ സ്കീമിൽ നിന്ന് നീക്കം ചെയ്യുവാൻ സംഘത്തിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യപ്പെടുന്ന നിക്ഷേപകന് ബോണസിന് അർഹത ഇല്ലാത്തതും, സ്കീമിൽ ടിയാൻ രൊക്കം അടച്ച സംഖ്യയ്ക്ക് മാത്രം അർഹതയുണ്ടായിരിക്കുന്നതുമാണ്. ഇത്തരം ഒരു നിക്ഷേപകനെ നീക്കം ചെയ്തില്ലാ എന്നതുകൊണ്ട് മാത്രം ടിയാനെ സ്കീമിൽ തുടരുന്നതിന് അനുവദിച്ചതായി കണക്കാക്കാവുന്നതല്ല.

19. ഈ നിക്ഷേപപദ്ധതിയുടെ ആകെ തുകയ്ക്ക് തുല്യമായ തുക പദ്ധതിയുടെ കാലാവധി പൂർത്തിയാക്കുന്ന കാലയളവിലേക്ക് ജില്ലാ സഹകരണബാങ്ക് സ്ഥിരം നിക്ഷേപം ചെയ്യേണ്ടതാണ്. ജോയിന്റ് രസിട്രാർ (ജനറൽ)ന്റെ മുൻകൂർ അനുവാദം ഇല്ലാതെ ഈ തുക പിൻവലിക്കുവാൻ പാടില്ല.

20. ഈ സ്കീമിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആവശ്യമെന്നുതോന്നുന്ന യുക്തമായ നിശ്ചയങ്ങൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ അംഗീകാരത്തിന് വിധേയമായി കൂട്ടിച്ചേർക്കുന്നതിനും ഈ നിശ്ചയങ്ങളിൽ ആവശ്യമെന്ന് തോന്നുന്ന ഭേദഗതികൾ ചെയ്യുന്നതിനും സംഘം ഭരണസമിതിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം നീക്കം ചെയ്യുന്നതോ കൂട്ടിച്ചേർക്കപ്പെടുന്നതോ ആയ എല്ലാ നിബന്ധനങ്ങളും സ്കീം നിക്ഷേപകനും സ്കീം വായ്പക്കാരനും ബാധകമായിരിക്കുന്നതാണ്.

21. ഈ സ്കീം വായ്പ സംബന്ധിച്ചുണ്ടാകുന്ന എല്ലാ തർക്കങ്ങളിലും ബാങ്കിന്റെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) തീരുമാനം അന്തിമവും എല്ലാവർക്കും ബാധകമായിരിക്കുന്നതുമാണ്.

22. ഈ സ്കീം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന്റെ മുൻകൂർ അനുവാദം ഇല്ലാതെ തുടർന്ന് നടത്തുവാൻ പാടുള്ളതല്ല.

23. ഈ സ്കീമിന്റെ ലാഭനഷ്ടക്കണക്ക് ഓരോ വർഷവും പ്രത്യേകം തയ്യാറാക്കേണ്ടതും ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ/ആഡിറ്റർക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

24. ഓരോ പുതിയ സ്കീമിന്റെ അപേക്ഷയോടൊപ്പം പദ്ധതി ചട്ടപ്രകാരമാണ് നടക്കുന്നതെന്നും, യാതൊരു അഴിമതിയും ഇല്ലന്നും യൂണിറ്റ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് രജിസ്ട്രാറുടെ മേലൊപ്പോടുകൂടി ഹാജരാക്കേണ്ടതാണ്.

മേൽപ്പറഞ്ഞനിബന്ധനകൾ അംഗീകരിച്ചുകൊണ്ട് ഞാൻ ..........................................................................ാം നിക്ഷേപ പദ്ധതിയിൽ

...........................മാസം...................................കാലാവധിയ്ക്ക്.................................രൂപയുടെ നിക്ഷേപകനായി ചേർന്നിരിക്കുന്നു.

| ക്രമ നമ്പർ | അംഗത്തിന്റെ പൂർണ്ണമായ പേരും മേൽവിലാസവും | എടുത്തിട്ടുള്ള നമ്പരും തുകയും | അംഗത്തിന്റെ ഒപ്പ് | അവകാശിയുടെ പേരും മേൽവിലാസവും | സാക്ഷിയുടെ പേരും മേൽവിലാസവും |
|---|---|---|---|---|---|
| | Phone No. | | | | |

അവകാശിയുടെ പേരും മേൽവിലാസവും

അവകാശിയുമായുള്ള ബന്ധം

തീയതി : സെക്രട്ടറി